12745
9/6/17

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- തളിപ്പറമ്പ് ബ്ലോക്ക് - പഞ്ചായത്ത് മുൻ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.കെ.പ്രദീപനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയത്-06.5.2013 ലെ സ.ഉ. (സാധാ) നം.1211/2013/തസ്വഭവ ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ. (സാധാ) നം.1867 /2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 06.6.2017**

പരാമർശം :(1). സർക്കാർ ഉത്തരവ് (സാധാ) നം.49/2010/തസ്വഭവ തീയതി 05.01.2010.

(2) സർക്കാർ ഉത്തരവ്(സാധാ) നം.1211/2013/തസ്വഭവ തീയതി06/05/2013.

(3). ഗ്രാമവികസന കമ്മീഷണറുടെ 28/05/2016 തീയതിയിലെ - 14581/എസ്റ്റാഎ 4/2008/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്കിലെ മുൻ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായിരുന്ന ശ്രീ.കെ.പ്രദീപനെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടി പരാമർശം (1) പ്രകാരം തീർപ്പാക്കിയിരുന്നു. ടിയാൻ 04/06/2008 മുതൽ 24/06/2009 വരെ സസ്പെൻഷനിലായിരുന്നു. 16/07/2009 ൽ ടിയാൻ സർവ്വീസിൽ പുന:പ്രവേശിച്ചു. 25/06/2009 മുതൽ 15/07/2009 വരെയുള്ള ഇടവേള കാലയളവ് പരാമർശം (2) പ്രകാരം ക്രമീകരിക്കുകയും ചെയ്തു. എന്നാൽ ശ്രീ.കെ.പ്രദീപൻ സർവ്വീസിൽ പുന:പ്രവേശിച്ചത് 16/07/2009 അപരാഹ്നത്തിലാണെന്നും അതിനാൽ ഇടവേള കാലയളവ് ക്രമീകരിക്കേണ്ടത് 25/06/2009 മുതൽ 16/07/2009 വരെയാണെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള അറിയിച്ചിട്ടുള്ളതായും ശ്രീ.പ്രദീപന്റെ നിയമന ഇടവേള കാലയളവ് അപ്രകാരം ക്രമീകരിച്ച് ഉത്തരവാകണമെന്നും പരാമർശം (3) പ്രകാരം ഗ്രാമ വികസന കമ്മീഷണർ അപേക്ഷിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്കിലെ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായിരുന്ന ശ്രീ.കെ.പ്രദീപനെ സർവ്വീസിൽ തിരികെ പ്രവേശിച്ചതിനുശേഷമുള്ള ഇടവേള പ്രവേശനകാലയളവ് സൂചന(2) ലെ സർക്കാർ ഉത്തരവിൽ *25.6.2009 മുതൽ 15.7.2009* എന്ന് -

പ്രതിപാദിച്ചിരുന്നത് *25/06/2009 മുതൽ 16/07/2009* വരെ എന്നാക്കി 06/05/2013 ലെ സ.ഉ. (സാധാ) നം.1211/2013/തസ്വഭവ നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.എസ്.ആർ**

ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീ.കെ.പ്രദീപൻ, മുൻ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, തളിപ്പറമ്പ് ബ്ലോക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള,തൃശ്ശൂർ
4) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
6) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ